## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 667 27.04.2017-ൽ മറുപടിക്ക്

## ചിറ്റൂർ താലൂക്കിൽ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| എ) | ചിറ്റൂർ താലൂക്കിലെ ചിറ്റൂർ ബ്ലോക്ക് പ്രദേശത്തെ ഭൂരഹിത പട്ടിക വർഗ്ഗക്കാർക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച് ബഹു കേരള ഹൈക്കോടതിയുടെ 8-9-2016 തീയതിയിലെ ഡബ്ല്യു യു പി (സി) 25215/2010 നമ്പറിലുള്ള വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത വിധിന്യായപ്രകാരമുള്ള ഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | ബി) | ചിറ്റൂർ താലൂക്കിൽ നെല്ലിയാമ്പതി വില്ലേജിലെ കൃഷിയോഗ്യമായിട്ടുള്ളതും എന്നാൽ ഇപ്പോൾ തരിശായിട്ടുള്ളതുമായ 67.76 ഹെക്ടർ ഭൂമി (ഓറഞ്ച് ഫാം - കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഭൂമി), ലാൻഡ് ട്രാൻസ്ഫർ മുഖേന റവന്യൂ വകുപ്പിന് കൈമാറി കിട്ടിയാൽ ആയതിൽ ബഹു.ഹൈക്കോടതി വിധി പ്രകാരം ഭൂമിയുടെ ലഭ്യതയനുസരിച്ച് ഏറ്റവും അർഹരായവർക്ക് ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച് കൃത്യവും പൂർണ്ണവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് ആദ്യ പടിയായി ഭൂമി വിട്ട് നൽകുന്ന വകുപ്പിന്റെ സമ്മതപത്രം ആവശ്യമായതിനാൽ ഈ വിഷയം സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണെന്നും പാലക്കാട് ജില്ലാ കളക്ടർ ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിന് റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത വിഷയം റവന്യൂ വകുപ്പ് പരിശോധിച്ചു വരുന്നു. |
| സി) | ചിറ്റൂർ നിയോജക മണ്ഡലത്തിലുള്ള ഭൂരഹിതരായ പട്ടിക വർഗ്ഗക്കാരുടെയും ഒരേക്കറിൽ താഴെ ഭൂമിയുള്ള പട്ടികവർഗ്ഗക്കാരുടെയും വിശദവിവരങ്ങൾ നൽകാമോ? | സി) | ചിറ്റൂർ നിയോജകമണ്ഡലത്തിലുള്ള ഭൂരഹിതരായ 455 കുടുംബങ്ങളും ഒരേക്കറിൽ താഴെ ഭൂമിയുള്ള 1277 കുടുംബങ്ങളും താമസിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| | | | (പത്തൊൻപത് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2016-17 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.<br>നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിലേക്ക് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്. |
| സി) | ഈ പദ്ധതി വകുപ്പിന്റെ കീഴിലുള്ള എം .ആർ .എസ് കൾ വഴി വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ? | സി) | വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മെഡിക്കൽ/ എഞ്ചിനീയറിംഗ്, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവയ്ക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം, കരിയർ ഗൈഡൻസ് ക്ലാസുകൾ എന്നിവ നിലവിൽ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ